പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 2021

11.06.2018 ൽ
മറുപടിക്ക്

# കേരളാ പോലീസിന്റെ പൊതുജനസൗഹാർദ്ദ പോർട്ടൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി. ജയരാജൻ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |

എ) സംസ്ഥാന പോലീസിന്റെ പൊതുജനസൗഹാർദ്ദ പോർട്ടൽ ആയ The Hand you Need for Assistance ('തുണ ') മുഖേന പൊതുജനങ്ങൾക്ക് എന്തെല്ലാം സേവനങ്ങൾ ലഭ്യമാണെന്ന് വ്യക്തമാക്കാമോ;

എ) സേനാ നവീകരണത്തിന്റെ ഭാഗമായി പോലീസിന്റെ ദൈനംദിന പ്രവർത്തനങ്ങളെ കമ്പ്യൂട്ടർവൽക്കരിക്കുന്ന ദേശീയ തലത്തിലുള്ള ബൃഹത് പദ്ധതിയായ ക്രൈം & ക്രിമിനൽ ട്രാക്കിംഗ് നെറ്റ് വർക്ക് & സിസ്റ്റം (CCTNS) എല്ലാ പോലീസ് സ്റ്റേഷനുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ ഓൺലൈനായി ലഭ്യമാക്കുന്നതിലേക്കായി പ്രവർത്തനക്ഷമമാക്കിയിട്ടുള്ള 'THUNA' (The Hand You Need for Assistance) എന്ന സിറ്റിസൺ പോർട്ടലിൽ താഴെപ്പറയുന്ന സേവനങ്ങൾ ലഭ്യമാണ്.

1. Complaint Registration: പൊതുജനങ്ങൾക്ക് പരാതി സമർപ്പണത്തിന് പോലീസ് സ്റ്റേഷനിൽ പോകേണ്ടതില്ല. പരാതികൾ ഓൺലൈനായി പോലീസ് സ്റ്റേഷനിലോ മറ്റ് ഉയർന്ന പോലീസ് ഓഫീസുകളിലോ സമർപ്പിക്കാവുന്നതാണ്.
2. Petition Status : ഓൺലൈനായി സമർപ്പിച്ച പരാതിയുടെ തൽസ്ഥിതി ഓൺലൈനായി തന്നെ അറിയിക്കാൻ സാധിക്കുന്നതാണ്.
3. FIR Copies : പൊതുജനങ്ങൾക്ക് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത കേസുകളുടെ എഫ്.ഐ.ആർ. -ന്റെ പകർപ്പ് ഓൺലൈനായി ലഭിക്കുന്നതാണ്.
4. GD copy of Accident incident : ആക്സിഡന്റ് സംഭവങ്ങളുമായി ബന്ധപ്പെട്ട് പോലീസ് സ്റ്റേഷനിൽ രേഖപ്പെടുത്തുന്ന ജനറൽ ഡയറിയുടെ പകർപ്പ് ഓൺലൈനായി ലഭിക്കുന്നതാണ്.

5. Arrested / Wanted Criminal Details : ഏതെങ്കിലും കേസിൽ അറസ്റ്റ് ചെയ്യപ്പെട്ട ആൾക്കാരുടേയും പിടികിട്ടാപ്പുള്ളികളുടേയും സംശയിക്കപ്പെടുന്നവരുടേയും വിവരങ്ങൾ ഓൺലൈനായി ലഭിക്കുന്നതാണ്.

6. Details of Missing Persons : കാണാതായ വ്യക്തികളെക്കുറിച്ചുള്ള വിവരങ്ങൾ ഓൺലൈനിൽ ലഭിക്കുന്നതാണ്.

7. Automobile Enquiry : ഏതെങ്കിലും വാഹനങ്ങൾ കുറ്റകൃത്യങ്ങളുമായി ബന്ധപ്പെട്ടവയാണോ എന്നുള്ള വിവരങ്ങൾ ഓൺലൈനിൽ ലഭ്യമാകുന്നതാണ്.

8. No Objection Certificate Request : വാഹനങ്ങളുടെ എൻ.ഒ.സി.യ്ക്കുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാൻ കഴിയുന്നതും, എൻ.ഒ.സി. ഓൺലൈനായി കൈപ്പറ്റാവുന്നതുമാണ്.

9. Verification Requests (PCC, Employee Verification, Procession) : സമ്മേളനങ്ങൾ, കലാപ്രകടനങ്ങൾ, സമരങ്ങൾ, ജാഥകൾ, പ്രചാരണ പരിപാടികൾ എന്നിവ നടത്തുന്നതിന് പോലീസിന്റെ അനുവാദത്തിനായി ഓൺലൈനായി അപേക്ഷ സമർപ്പിക്കാം. കൂടാതെ പോലീസ് വെരിഫിക്കേഷൻ സർട്ടിഫിക്കറ്റിനുള്ള അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാവുന്നതും സർട്ടിഫിക്കറ്റ് ഓൺലൈനായി തന്നെ സ്വീകരിക്കാവുന്നതാണ്.

10. Mike Sanction Request : പൊതു ജനങ്ങൾക്ക് ഉച്ചഭാഷിണി ഉപയോഗിക്കാനുള്ള അനുവാദത്തിനുള്ള അപേക്ഷ ഓൺലൈനായി സമർപ്പിക്കാവുന്നതും, പോലീസിന്റെ അനുവാദം ഓൺലൈനായി തന്നെ അപേക്ഷകന് തിരികെ ലഭിക്കുന്നതുമാണ്.

11. Citizen Tip : സംശയകരമായ സാഹചര്യങ്ങളിൽ കാണപ്പെടുന്ന വസ്തുക്കൾ, വ്യക്തികൾ, സംഭവങ്ങൾ എന്നിവയെക്കുറിച്ച് പോലീസിന് രഹസ്യവിവരങ്ങൾ ഓൺലൈനായി നൽകാൻ പൊതുജനങ്ങൾക്കും അവസരം.

12. Online Library : പ്രധാനപ്പെട്ട കോടതി ഉത്തരവുകൾ, വിധികൾ, പോലീസ് മാനുവൽ, സ്റ്റാന്റിംഗ് ഓർഡറുകൾ, ക്രൈം ഇൻ ഇന്ത്യ തുടങ്ങിയവ ഉൾപ്പെടുന്ന ഓൺലൈൻ ലൈബ്രറിയുടെ സൗകര്യം.

| | |
|---|---|
| ബി) സംസ്ഥാനത്തെ ഏതു പോലീസ് സ്റ്റേഷനിലേക്കും 'തുണ' പോർട്ടൽ മുഖേന പരാതികളും അപേക്ഷകളും ഓൺലൈനായി സമർപ്പിക്കുവാൻ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; | ബി) സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും മറ്റ് ഉന്നത പോലീസ് ഓഫീസുകളിലും 'തുണ' പോർട്ടൽ മുഖേന പരാതികളും അപേക്ഷകളും ഓൺലൈനായി സമർപ്പിക്കാവുന്നതാണ്. |
| സി) 'തുണ' പോർട്ടൽ മുഖേന ഓൺലൈനിലൂടെ നൽകുന്ന അപേക്ഷകളിന്മേലും പരാതികളിന്മേലും കൈക്കൊണ്ട നടപടികൾ അപേക്ഷകരെ അറിയിക്കുന്നതിന് നിശ്ചിത കാലപരിധി നിശ്ചയിക്കുകയും മറുപടികളും സർട്ടിഫിക്കറ്റുകളും ഓൺലൈനിലൂടെ ലഭ്യമാക്കുവാൻ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; | സി) 'തുണ' പോർട്ടൽ മുഖേന ഓൺലൈനായി നൽകുന്ന പരാതികളിൽ കൈക്കൊണ്ട നടപടികൾ ഓൺലൈനായി അറിയാവുന്നതും കൂടാതെ ഓൺലൈനായി സമർപ്പിച്ച അപേക്ഷകളുടെ സർട്ടിഫിക്കറ്റുകൾ ഓൺലൈനായി തന്നെ ലഭിക്കുന്നതുമാണ്. |
| ഡി) പൊതു ജനങ്ങൾ നൽകുന്ന അപേക്ഷകളിലും പരാതികളിലും യഥാസമയം നടപടിയെടുത്ത് അറിയിക്കാതിരുന്നാൽ, അത് സംബന്ധിച്ച് മേലധികാരികൾക്ക്,അതേ അപേക്ഷാ നമ്പർ ഉപയോഗിച്ചുതന്നെ ഓൺലൈനിലൂടെ പരാതി നൽകുവാനും അപ്പീൽ അപേക്ഷ നൽകുവാനും വ്യവസ്ഥ ചെയ്തിട്ടുണ്ടോ; വ്യക്തമാക്കുമോ;<br>ഇ) ഇല്ലെങ്കിൽ ഇതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | ഡി) യും ഇ) യും പൊതുജനങ്ങൾ നൽകുന്ന അപേക്ഷകളിലും പരാതികളിലും യഥാസമയം നടപടി എടുത്ത് അറിയിക്കാതിരുന്നാൽ അത് സംബന്ധിച്ച് പരാതിക്കാരൻ / സേവനം ആവശ്യപ്പെട്ടയാളിന് തുണയിലൂടെ തന്നെ മറ്റ് ഉയർന്ന പോലീസ് ഓഫീസുകളിൽ പരാതി സമർപ്പിക്കാവുന്നതാണ്. ഇങ്ങനെ മേൽ ഓഫീസിൽ സമർപ്പിക്കുന്ന പരാതിയിൽ തീർപ്പാക്കപ്പെടാത്ത മുൻ പരാതിയുടെ അപേക്ഷ നമ്പർ പരാമർശിക്കാവുന്നതാണ്. 'തുണ'-യിലുള്ള citizen feedback എന്ന ഓപ്ഷനിലൂടെ ഉയർന്ന പോലീസ് ഉദ്യോഗസ്ഥരുടെ ശ്രദ്ധയിൽ പ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ